[Dr. (Mrs.) T. Francis.

to them that on inheritance the Shariat Law was not observed everywhere. In many provinces the-inheritance of sons and daughters was followed according to the Hindu Succession Act of India.

The resolution was carried with a big majority. So according to the decision of the constitution of Indian Union there will be a civil Code throughout the territory of India, the Indian States inclusive and our State-already a part and parcel of Indian Union will have to adopt the same Civil Code. Before such an Act comes into force in the Indian Union I do not think it is wise on my part to rush through this Bill at this moment. But I intend moving the same Billn the near future.

Not Moved

(c) Motion for taking charge of the Bills Pending in the last Council.

Mr. P. K. Dewer (*Labour*): Sir I am now to seek leave of the House to take charge of two bills which were introduced by the Hon'ble Members of the Legislative Council which has been dissolved some months back.

Mr. President: Those members have not been returned to this Assumbly.

Mr. P. K. Dewer (*Labour*): Yes. I understand that these bills were referred to Select Committees and these Select Committees do not now exist. It is my intention to take charge of thse Bills and get the opinion of the house as to whether it is not advisable for us to consider these bills at this time. I would in this connection like to ask the Government whether it is their intention to have any legialation to give sufficient relief to the verumpattamdars and other tenants of this land.

Mr. President: What is the motion of the Hon'ble Member?

Mr. P. K. Dewer (*Labour*): I am seeking leave of the House to take charge of these bills and also for the continuance of the same. In the meanwhile, I am asking the Government whether they have any intention of introducing legislation on similar lines in the near future.

Mr. P. Govinda Menon (*Minister for finance and low*): Sir, as was said earlier on the floor of this house Government are waiting for orders being passed on the Sivaswami Committee Report in order to have a compre-hensive legislation regarding the relationship between land-lords and tenants and it is the intention of Government to take up that question as soon as possible.

Mr. P. K. Dewer (*Labour*): Sir, in that case I do not propose to move.

5. NON-OFFICIAL RESOLUTIONS

Resolution No. I

മിസ്റ്റർ സി. വി. ഇയ്യു: "ഇന്നു് കൊച്ചിയിൽ ബലത്തിരിക്കുന്ന പുതിയ അടിയന്തിരാധികാരനിയമവും, ക്രിമിനൽ നിയമഭേദഗതി വിളംബരവും അവയുടെ അടിസ്ഥാനത്തിന്മേലും തത്വങ്ങളിന്മേലും വകുപ്പുകളിന്മേലും ആസ്പദമായി എടുത്തിട്ടുള്ള എല്ലാ നടപടികളേയും പിൻവലിപ്പാൻ ഈ സഭ ഗവണ്മെണ്ടിനോടു് ശുപാർശചെയ്യുന്നു".

സർ, ഇന്നും നിലവിലുള്ള ക്രിമിനൽ നിയമഭേദഗതി നിയമത്തിന്റെ കാര്യത്തെക്കുറിച്ചു് ഈ സഭയിൽ ഇപ്പോഴും അംഗങ്ങളായിരിക്കുന്ന മിസിസ്സു് ടി. ഫ്രാൻസിസ്സു്, മെസ്സേഴ്സു് കണ്ണൻ, സുലൈമാൻ മുതലായ ബഹുമാനപ്പെട്ട സാമാജികന്മാർ ഫ്ലോറിൽ മുൻപറഞ്ഞ കരിനിയമം ഈ സഭയിൽ അവതരിപ്പിക്കപ്പെട്ടപ്പോൾ എതുത്തിട്ടുള്ളതായി അക്കാലങ്ങളിലെ വർത്തമാനപത്രങ്ങളിൽ ഞാൻ വായിച്ചിട്ടുണ്ടു്. ഇപ്പോൾ നിയമസഭാറിപ്പോർട്ടുകളിലും കാണുന്നുണ്ടു്. ആദ്യം ക്രിമിനൽ നിയമഭേദഗതിനിയമം ഒരു രായജകീയ വിളംബരം വഴിയായിപ്രഖ്യാപനംചെയ്തു നടപ്പിൽവന്നു. പിന്നെ നിയമസഭയോടു്ആലോചിക്കാതെതന്നെ അന്നത്തെ അധികാരശക്തിയിലിരുന്ന ഗവണ്മെണ്ടു് പത്രമാരണനിയമവും മറ്റചിലഅടിയന്തിരാധികാരങ്ങളും ഉപയോഗിച്ചു് പൊതുരക്ഷാനിയമവും നടപ്പിലാക്കി ക്രിമിനൽ ലോ ഭേദഗതി നിയമപ്രകാരമൊ പബ്ലിക്കുസേഫ്ടി ആർഡിനൻപ്രകാരമോ എടുത്തിട്ടുള്ള നടപടികൾക്കു് വിധേയമായി കഷ്ടമനുഭവിക്കുന്നവർക്കു് യാതൊരുവിധത്തിലും ഹൈക്കോർട്ടിന്റെ മുമ്പാകെയോ മറ്റു് എതെങ്കിലും കോടതിമുമ്പാകെയോ സങ്കടം ബോധിപ്പിക്കാൻ വ്യവസ്ഥയില്ല. പത്രമാരണനിയമത്തിൽ അങ്ങിനെ ഒരു വ്യവസ്ഥചെത്തിരുന്നു. എന്നാൽ പത്രമാരണനിയമം പിൻവലിച്ചപ്പോൾ, ക്രിമിനൽ നിയമഭേദഗതി ബില്ലിലെ വകുപ്പുകളിൽ അങ്ങിനെ ഒരു വ്യവസ്ഥയില്ലാത്തതുകൊണ്ടു് പത്രങ്ങൾക്കു യഥാർത്ഥത്തിൽ പ്രവർത്തനസ്വാതന്ത്ര്യം കുറഞ്ഞുപോയിരിക്കയാണു്. പ്രജാമണ്ഡലം അധികാരത്തി

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. V. Iyyu]

ൽ വന്നശേഷം പത്രമാരണനിയമം പിൻവലിക്കപ്പെട്ട എന്നുള്ള ഒരു Stunt പ്രചരിപ്പിച്ചു പുരോഗമനവാദികളെ ചൂഷണംചെയ്യുമാത്രം ഫലം.....

മിസ്റ്റർ പ്രസിഡണ്ട്: പത്രമാരണനിയമം എന്നു് ഒന്നില്ല.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: "Emergency"-ക്കു് മാരണം എന്നും പറയാം.

മിസ്റ്റർ സി. വി. ഇയ്യു: ആ നിയമം പിൻവലിച്ചപ്പോൾ പത്രപ്രവർത്തന സ്വാതന്ത്ര്യം കുറയുകയാണു് ചെയ്തതു്. പൗരാവകാശധ്വംസനങ്ങൾക്കു് ഇടയായ നിലയിൽ ഉണ്ടായിരുന്ന നിയമങ്ങളിൽ ഒന്നു് പ്രജാമണ്ഡലം അധികാരത്തിൽ വന്നപ്പോൾ പിൻവലിച്ചുവെന്നു് ആദ്യം പത്രത്തിലും പിന്നീടു് ഗസറ്റിലും കണ്ടു. ആ നിയമത്തിന്റെ വ്യാപ്തി എത്രത്തോളമുണ്ടെന്നും നിലവിലുള്ള ക്രിമിനൽ നിയമഭേദഗതിയുടെ കാഠിന്യമെന്താണെന്നും അറിയുന്നവക്കല്ലാതെ സാധാരണക്കാർക്കു് വല്ലതും മനസ്സിലായിട്ടുണ്ടോ എന്നറിഞ്ഞതില്ല. പത്രമാരണനയിമം പിൻവലിച്ചപ്പോൾ ക്രിമിനൽ ലോ ഭേദഗതിനിയമത്തിൽ നിന്നും കൂടുതൽ ഉപദ്രവമുണ്ടായിരുന്നു. എനിക്കു ഈ പ്രമേയം മൂലം ഗവൺമെണ്ടിനോടു് അപേക്ഷിക്കുവാനുള്ളതു ഇതാണു്—ക്രിമിനൽ നിയമഭേദഗതി ബിൽ ഇപ്പോൾ നിയമസഭയിൽ പഴ്ചാലോചനക്കു വന്നിട്ടുണ്ടു്, സെലക്ടു കമ്മിറ്റിക്കയച്ചിട്ടുമുണ്ടു്. കമ്മിറ്റി റിപ്പോർട്ടു് അടുത്തനിയമസഭയിൽ അഭിപ്രായമുണ്ടെങ്കിൽ വീണ്ടും ആലോചനക്കു് വരും. ബിൽ ഇവിടെ നിയമമാക്കണമെന്നു് ഈ സഭക്കു് അഭിപ്രായമുണ്ടെങ്കിൽ അടിയന്തിരാധികാര നിയമം മുതലായവ കോമ്പ്രഹെൻസീവു് (Comprehensive) ആയ നിയമം നിർമ്മിക്കുവാൻ കഴിയും. ആ കാലത്തിനിടയിൽ പ്രത്യേകിച്ചു് ആപത്തുവരാനുള്ള ലക്ഷണങ്ങളൊന്നുമില്ല. ഇപ്പോൾ യുദ്ധമില്ല, നമ്മൾ പൊതുവെ നിയമവിധേയരാണു് രാജ്യഭക്തരും ഞങ്ങൾ, സംസ്കാരസമ്പന്നരാണു്. പതിനഞ്ചുലക്ഷം പേരുടെ ഇടയിൽ വല്ലതും പത്തോ ഇരുപത്തിയഞ്ചോ ആളുകൾ കഴപ്പുക്കാരില്ലെന്നു് പറയുന്നില്ല. അവരെ യാതൊരുവിധത്തിലും സഹായിക്കാൻ മനസ്സുള്ള ആളുകളല്ല നമ്മുടെ പൌരാവലി. പത്തോ ഇരുപത്തഞ്ചോ ആളുകളെമാത്രം പേടിച്ചു് ഈ നിയമം സ്റ്റാറ്റ്യൂട്ടു് (Statute) ബുക്കിൽ വെച്ചുകൊണ്ടിരിക്കുന്നതു ജനങ്ങളോടു് ചെയ്യുന്ന അനീതിയും ഗവൺമെണ്ടിനു് ജനങ്ങളിലുള്ള വിശ്വാസക്കുറവും ആകും. പ്രായപൂർത്തിവോട്ടവകാശത്തിന്മേൽ തിരഞ്ഞെടുക്കപ്പെട്ട നിയമസഭയോടു് ഉത്തരവാദപ്പെട്ട ഒരു മന്ത്രിസഭ ഭരിച്ചുകൊണ്ടിരിക്കുമ്പോൾ, ജനങ്ങളുടെ പൗരസ്വാതന്ത്ര്യത്തെ ഇത്രയും ഹനിച്ചുകളയുന്ന ഒരു നിയമാവലി മുമ്പുണ്ടായിട്ടില്ല. ഇതിനു് മുമ്പു് ജനങ്ങളുടെ അവകാശം വേണ്ടതുപോലെ അനുവദിച്ചിട്ടില്ലാത്ത ഒരു ഗവൺമെണ്ടു് ഇത്തരം നിയമം വെച്ചുകൊണ്ടിരിക്കുന്നതു് ഈ നിയമസഭയേയും ഗവൺമെണ്ടിനേയും അവഹേളിക്കയായിരിക്കും എന്ന തത്വം അംഗീകരിച്ചു് ഈ ബിൽ പിൻവലിക്കുകയും കൂപ്രസിദ്ധ കരിനിയമത്ത"ത്തിലും തത്വത്തിലും, വകുപ്പുകളിലും ഉള്ള എല്ലാ നടപടികളും പിൻവലിച്ചു് പൗരാവകാശം യഥാർത്ഥത്തിൽ പുനഃസ്ഥാപിക്കുന്നതിനു ഞാൻ ഗവൺമെണ്ടിനോടപേക്ഷിക്കുന്നു. ഇന്നത്തെ നിലയിൽ പൊതുജനങ്ങൾക്കു അധികാരം കൈവന്നതിൽ എല്ലാവർക്കും സന്തോഷിക്കത്തക്കവിധത്തിലുള്ള ഒരവസരം ഉണ്ടാക്കാൻ ഗവൺമെണ്ടു് തയ്യാറാകണമെന്നു പറഞ്ഞുകൊണ്ടു് ഞാൻ ഈ പ്രമേയം ഈ സഭമുമ്പാകെ ഏവരുടേയും ഏകകണ്ഠമായ സ്വീകരണത്തിന്നായി അവതരിപ്പിക്കുന്നു.

Mr. Ittierah Ambookan: I second it.

*മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഞാൻ ഈ പ്രമേയത്തെ എതിർക്കുവാൻ നിർബ്ബന്ധിതനായിരിക്കുന്നു. ഇന്നു ബഹുമാനപ്പെട്ട മെമ്പർമാർ പറയുന്നമാതിരി കൊച്ചിരാജ്യത്തു് ഒരു പൌരസ്വാതന്ത്ര്യഭഞ്ജനം ഉണ്ടോ ഇല്ലയൊ എന്നു് ഈ ഘട്ടത്തിൽ ഒന്നു് ആലോചിച്ചു നോക്കുന്നതു് നന്നായിരിക്കുമെന്നു് എനിക്കു തോന്നുന്നു. എവിടെ പോയാലും, ചില പ്രസ്താവനകളിലും ചില പത്രങ്ങളിലും പൌരസ്വാതന്ത്ര്യം ഇല്ലെന്നു് അങ്ങിനെ എടുത്തെടുത്തു് ആവർത്തിച്ചു പറയുന്നതല്ലാതെ എന്തു സംഗതിയിലാണു് ഇന്നു് അവക്കു് സ്വാതന്ത്ര്യമില്ലാത്തതു്, അല്ലെങ്കിൽ പൌരസ്വാതന്ത്ര്യം ഉപയോഗിക്കുന്നതിൽ ഏതു കാര്യത്തിലാണു് അവക്കു ബുദ്ധിമുട്ടുണ്ടായിട്ടുള്ളതു് എന്നു് അവരാരും എടുത്തുപറയുകപതിവില്ല. മൊത്തമായി പൌരസ്വാതന്ത്ര്യം ഇല്ല, പൌരസ്വാതന്ത്ര്യധ്വംസനമാണു് എന്നൊക്കെ ചില ഭ്രമാവാക്യങ്ങൾ പറയുകയെന്നതല്ലാതെ അതിന്റെ ഗൌരവം ഇന്നതാണെന്നു് ഇന്നത്തെനിലയിൽ കാണുന്നില്ല എന്നാണു് എന്റെ അഭിപ്രായം. ഇന്നു് ഒരുപത്രമാരണനിയമം ഇവിടെ ഉണ്ടെന്നുപറയുന്നതു് ശരിയല്ല.

മിസ്റ്റർ സി. വി. ഇയ്യു: ഇപ്പോൾ ഉണ്ടെന്നല്ല പറയുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഒരു പത്രമാരണ നിയമം കൊച്ചിരാജ്യത്തു് ഇല്ല. ഇന്നു് ഇന്ത്യാരാജ്യത്തിൽ പെട്ട മറേറതെരു നാട്ടരാജ്യത്തിലേയും പത്രങ്ങൾക്കു് ഇവിടെ ഉള്ളിടത്തോളം സ്വാതന്ത്ര്യമില്ലെന്നാണു് ഞാൻ പറയുന്നതു്. പ്രസ്സു് ആക്ടു് ഇല്ലാത്തതായ വേറെ ഒരു രാജ്യവും ഇല്ല. ഇവിടെ Criminal Law (Amendment) Act-ം, Public Safety Act-ം ഈ രണ്ടു് നിയമങ്ങളാണു് ഇവിടത്തെ സാധാരണ പൌരന്മാരുടെ സ്വാതന്ത്ര്യത്തിനു് ഹാനികരമായിരിക്കുന്നതെന്നാണു് പറയുന്നതു്. Criminal Law (Amendment) Act-ം, Public Safety Act-ം സാധരണ Violence ഒരു നയമായി സ്വീകരിച്ചിട്ടുള്ള ചില പ്രത്യേക സംഘടനകളുടെ പ്രവർത്തനങ്ങളെ തടയാൻ മാത്രം ആണു് എന്നു് ആ നിയമങ്ങൾ തന്നെ പ്രഖ്യാപിക്കപ്പെട്ടതാണു്. ഇന്നു് Criminal Law (Amendment) Act-നു് ഒരവസരമുണ്ടായതു തന്നെ അന്തിക്കാടു് കമ്മ്യൂണിസ്റ്റു് അക്രമങ്ങൾ വലിയ തൊതരവമായ നിലയിൽ എത്തിയപ്പോൾ അതിനെ തടയാൻ മാത്രമാണെന്നു് ബഹുമാനപ്പെട്ടമെമ്പർക്കറിയാം. ഈ നിയമത്തിൽ ഏറവും പ്രധാനപ്പെട്ടതു് Section 3 ആണു്. അക്രമപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള Association-നെ Unlawful ആക്കാൻഉള്ള അധികാരമാണു് അതിൽ കൊടുത്തിട്ടുള്ളതു്. അങ്ങിനെ Unlawful ആക്കിക്കഴിഞ്ഞിട്ടുള്ള പ്രവർത്തനങ്ങളെ തടയാനുള്ള നടപടികളാണു് ആ ആക്ടിൽ പറഞ്ഞിട്ടുള്ളതു്. സാധാരണ ജനങ്ങളുടെ പ്രവർത്തനങ്ങളേയും അവരുടെ Activities-നെയും ബാധിക്കുന്ന ഒരു നിയമമല്ല അതു്. അക്രമത്തിലും അട്ടിമറി പ്രവർത്തനത്തിലും ഏർപ്പെട്ടിട്ടുള്ള സംഘടനകളെ നിയമവിരുദ്ധമാക്കാനും അവരുടെ പ്രവർത്തനങ്ങളെ തടയാനും ഇന്നു് penal code-ൽ Proivision ഇല്ല. അങ്ങിനെ Provision ഇല്ലാത്തതുകൊണ്ടു് ആളുകളെ ശിക്ഷിക്കാൻ അല്ലാതെ സംഘടനകളെ നിയമവിരുദ്ധമാക്കാൻ Penal-codeകൊണ്ടു് സാധിക്കുന്നില്ല. Penal-code ഉണ്ടാക്കിയ കാലത്തു് ഈ മാതിരി സംഘടനകളോ പ്രവർത്തനങ്ങളോ ഇല്ലാതിരുന്നതുകൊണ്ടായിരിക്കാം ആ Provision ഉണ്ടാക്കാത്തതു്. ഇന്നു് അങ്ങിനെ അല്ല. ഇന്നു് അങ്ങിനെയുള്ള ചില സംഘടനകളും ഉണ്ടു്. അവർ അവരുടെ താല്പര്യങ്ങളെ മുന്നോട്ടു കൊണ്ടുപോകാനായിട്ടു് ഏതു സംരംഭങ്ങളും സ്വീകരിക്കും. അതിനുവേണ്ടി Violence ഉപയോഗിക്കുവാനും അവർ മടിക്കുകയില്ല. കായ്സാദ്ധ്യത്തിനു് ഏതു നയവും സ്വീകരിക്കാനുള്ള മനസ്ഥിതി അവർക്കുണ്ടു്. അങ്ങിനെ ഉള്ള സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ തടയാൻവേണ്ടിയാണു് Criminal Law (Amendment) Act ഇവിടെ ഉണ്ടാക്കീട്ടുള്ളതു്. അതുപോലെ Public Safety Act കൊച്ചിരാജ്യത്തു് ഉണ്ടാക്കിയ സന്ദർഭവും ബഹുമാനപ്പെട്ട ഈ നിയമസഭക്കറിയാവുന്നതാണു്. കമ്മ്യൂണിസ്റ്റ്കാരുടെ സംഘടിതമായ പ്രവർത്തനത്തിന്റെ ഫലമായി ചാലക്കുടിയിൽ ഒരു പോലീസുദ്യോഗസ്ഥനെ ഹിംസിക്കുകയും മറവും ഉണ്ടായിട്ടുള്ള സംരംഭങ്ങളെ തുടർന്നാണു് അങ്ങിനെ ഒരു നിയമം ഇവിടെ ഉണ്ടാക്കാൻ ഇടയായതെന്നു് ബഹുമാനപ്പെട്ട സഭക്കറിയാവുന്നതാണു്. ഒരുപക്ഷെ അതിന്റെ പ്രവർത്തനം കൊണ്ടു് ചിലദോഷങ്ങളും സംഭവിച്ചിട്ടുണ്ടായിരിക്കാം. ആ നിയമം സംബന്ധിച്ചാണു് കൊച്ചിരാജ്യത്തു് ഒട്ടാകെ Procession നടത്താൻ പാടില്ലെന്നുള്ള നിബന്ധന ഉണ്ടായതു്. എന്നാൽ ഇപ്പോഴത്തെ ഗവർമ്മെണ്ടുവന്നശേഷം ആ നിബന്ധനകളും മാറിക്കഴിഞ്ഞു. അതുപോലെ പ്രസ്സു് എമർജൻസി ആക്ടും ഈ ഗവർമ്മെണ്ടു് അധികാരത്തിൽ വന്നശേഷം റദ്ദാക്കിക്കഴിഞ്ഞിട്ടുണ്ടു്.

പിന്നെ Criminal Law (Amendment) Act-ലും പ്രസ്സു് എമർജൻസി ആക്ടിലും ഉണ്ടാകേണ്ടതായ ചില ഭേദഗതികളുണ്ടു്. ചില രൂപകം അതിൽ നീക്കം ചെയ്യേണ്ടതായിട്ടുണ്ടെന്നും ഗവർമ്മെണ്ടിന്നറിയാം. Criminal Law (Amendment) Act പെട്ടെന്നു് വളരെ അടിയന്തിരമായ ചിലകാര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുവാൻ ഉണ്ടാക്കീട്ടുള്ളതാണു്. അതിൽ പല ഭേദഗതികളും വരുത്തേണ്ടതുണ്ടെന്നു് ഗവർമ്മെണ്ടിന്നു് ബോദ്ധ്യമുണ്ടു്. ആ നിയമത്തെ മുഴുവൻ വിദഗ്ദ്ധന്മാരായ അംഗങ്ങൾ അടങ്ങിയ ഒരു സിലക്ടു് കമ്മിറ്റിയെക്കൊണ്ടു് പരിശോധിപ്പിക്കുവാൻ, ആവശ്യമില്ലാത്ത ഭാഗങ്ങൾ മാറ്റി, ആവശ്യമുള്ളഭാഗങ്ങൾ, അതായതു് സാധാരണ പൌരസ്വാതന്ത്ര്യത്തിനു് തടസ്സം വരാത്തവിധത്തിലുള്ളതും എന്നാൽ രാജ്യരക്ഷക്കു് അത്യാവശ്യമായിട്ടുള്ളതുമായ സംഗതികൾ മാത്രം ഉൾപ്പെടുത്തി അതിനെ ഭേദപ്പെടുത്തുവാൻ ഏല്പിച്ചിട്ടുള്ളതാണു്. ഇന്നു് ഇത്തരത്തിലുള്ള നിയമങ്ങൾ ഇവിടെ ഉള്ളതുകൊണ്ടു് കാര്യമായി ഒരു വിധത്തിലും സാധാരണ ജനങ്ങൾക്കു് അവരവരുടെ ജീവിതത്തിൽ അവരുടെ ന്യായമായ പ്രവർത്തനങ്ങൾക്കു് യാതൊരു വിധ തടസ്സങ്ങളും ഉണ്ടാകുന്നില്ലെന്നു് കാണാവുന്നതാണു്. ഇന്നു് പബ്ലിക് സേഫ്റ്റി ആക്ടും

LIBRARY ARCHIVES Kerala Legislative Assembly

ക്രിമിനൽ ലൊ അമെൻഡ്മെൻറ് ആക്ട്പ്രകാരം ഉപയോഗിച്ച് ഒരു Association-നെ Ban ചെയ്തിട്ടുള്ളത് R. S. S. മാത്രമാണ്. ഇന്ത്യയിലുള്ള മറ്റു ഭാഗങ്ങളിൽ നാം കാണുന്ന വിധത്തിൽ ഉള്ള അത്തരം സ്ഥാപനങ്ങളെ പ്രവർത്തിക്കുവാൻ അനുവദിക്കുന്നപക്ഷം, പൊതുസമാധാനത്തിനു് എത്രയും ഹാനികരമായി വരുമെന്നുള്ളതിനു് യാതൊരുസംശയവും ഇല്ല. അങ്ങിനെ ഉള്ള സംഘടനകളുടെ പ്രവർത്തനങ്ങളെ തടയേണ്ടതു് അത്യാവശ്യമാണെന്നു് എല്ലാവരും സമ്മതിക്കുമെന്നാണു് ഞാൻ വിചാരിക്കുന്നതു്. R. S. S. ന്റെ Activities ഇന്ത്യ മുഴുവൻ വളരെ ഭയങ്കരമായ രീതിയിൽ പടർന്നുപിടിച്ചുവരുന്ന അവസരത്തിൽ ഈ തരത്തിലുള്ള നിയമം കൊണ്ടല്ലാതെ ഏതുവിധത്തിലാണു് നമ്മുടെ രാജ്യരക്ഷയെ മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുക എന്നു് ഉത്തരവാദബോധമുള്ള മെമ്പർമാരോടു് ഞാൻ ചോദിച്ചുകൊള്ളുന്നു. അതിനും പുറമെ ഈ അവസരത്തിൽ ബഹുമാനപ്പെട്ട സഭ ഒരുകാര്യം പ്രത്യേകമായി ഓർക്കേണ്ടതുണ്ടു്. ഇന്നു് ജനങ്ങളോടു് വളരെ ഉത്തരവാദപ്പെട്ട ഒരു ഗവർമ്മെണ്ടാണു് ഉള്ളതു്. ആ ഗവർമ്മെണ്ടിലെ, ഉത്തരവാദബോധമുള്ളവരുടെ കയ്യിലാണു് ഈ അധികാരം കിട്ടീട്ടുള്ളതു് എന്നു് ബഹുമാനപ്പെട്ട സഭ ആലോചിക്കേണ്ടതാണു്. ഇന്നത്തെ പ്രായപൂർത്തി വോട്ടവകാശത്തിന്മേൽ തിരഞ്ഞെടുക്കപ്പെട്ട, ജനങ്ങളോടു് ഏറ്റവും ഉത്തരവാദപ്പെട്ടവരായി ഇവിടെ വന്നിട്ടുള്ള പ്രതിനിധികൾ അടങ്ങിയ ഒരു ഗവർമ്മെണ്ടു്, സാധാരണ പൌരസ്വാതന്ത്ര്യത്തിനു വിഘാതമായി യാതൊന്നും പ്രവർത്തിക്കുകയില്ല എന്നു് അവരുടെ ഇതുപയ്ന്തമുള്ള പ്രവർത്തികൾകൊണ്ടു് ജനങ്ങൾക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടു്. ഇതുപോലെയുള്ള നിയമങ്ങൾ ഇന്നു് ഇൻഡ്യയിൽ പല സ്ഥലങ്ങളിലും നടപ്പിലിരിക്കുന്ന ഈ കാലത്തു്, കൊച്ചീരാജ്യത്തുമാത്രം അതു സ്വീകാര്യമല്ലാതാകുന്നതെങ്ങിനെ എന്നകൂടി ഈ സന്ദർഭത്തിൽ ആലോചിക്കുന്നതു് ഉചിതമായിരിക്കും എന്നു ഞാൻ പറയുന്നു. അടുത്ത രാജ്യങ്ങളിലെല്ലാം, അതായതു് മദ്രാസ് മുതലായ പ്രവിശ്യകളിലും, മൈസൂർ മുതലായ നാട്ടുരാജ്യങ്ങളിലും ഇതുപോലെയുള്ള നിയമങ്ങൾ നിലനില്ക്കുന്നുണ്ടു്. ഇതിലും കഠിനമായ നിയമങ്ങളാണു് അവിടെ നിലനില്ക്കുന്നതു്. എന്നാൽ ന്യായമായിട്ടുള്ള പ്രവർത്തനങ്ങൾ ഒന്നിനേയും തടയാൻവേണ്ടി ഈ നിയമങ്ങൾ ഉപയോഗിക്കുന്നില്ലെന്നുള്ളതു തന്നെയാണു് ഈവക നിയമങ്ങൾ, ഉത്തരവാദപ്പെട്ടവരുടെ കയ്യിൽ അത്യാവശ്യമായ ഒരു ആയുധം എന്ന നിലയ്ക്കു് ഇന്നത്തെ കാലത്തിന്നനുസരിച്ചുമാത്രം വെച്ചുകൊണ്ടിരിക്കുന്നതെന്നു് നമുക്കു വ്യക്തമാക്കിതരുന്നതു്. ഇന്നു് നമ്മുടെ കൊച്ചീരാജ്യത്തുള്ളവരെല്ലാം വളരെ സംസ്കാരസമ്പന്നരും, വളരെ സമാധാന തല്പരരുമായ ആളുകളാണു്. അതുകൊണ്ടു് അവർക്കു് ഇവിടെ ഇങ്ങിനെ ഒരു നിയമം ആവശ്യമില്ലെന്നു എന്റെ മാന്യസ്നേഹിതനായ ഇരിങ്ങാലക്കുടയുടെ അവതാരകൻ പറയുകയുണ്ടായി. സമാധാനപരമായി ജീവിക്കാൻ ആഗ്രഹിക്കുന്ന ആ തരത്തിലുള്ള ആളുകളുടെ രക്ഷയ്ക്കും വിഘാതമായ രീതിയിൽ ചില സംഘടനകളുടെ പ്രവർത്തനങ്ങൾ ഉണ്ടെന്നിരിക്കെ, ചിലപ്പോൾ അങ്ങിനെയുള്ള ആളുകളുടെ രക്ഷക്കു വേണ്ടിതന്നെയും ഇങ്ങിനെയുള്ള നിയമങ്ങൾ ഗവർമ്മെണ്ടിന്നാവശ്യമാണെന്നാണു് ഞാൻ ഈ സഭയെ ഉൽബോധിപ്പിക്കുന്നതു്. ഈ തരത്തിലുള്ള ഒരുനിയമംകൊണ്ടു് എന്തെങ്കിലും ഒരുദോഷം നേരിടത്തക്ക വിധത്തിൽ, സാധാരണക്കാർക്കു് ഉപദ്രവംനേരിടത്തക്കവിധത്തിൽ, അതിനെ ഉപയോഗിക്കുമെന്നുള്ള ഒരുഭയം ഉണ്ടാകേണ്ട ആവശ്യമില്ലെന്നു് ഞാൻ പറയുകയുണ്ടായി. ഒരു വാക്യംതന്നെ നമുക്കു ഒരുദാഹരണമായെടുക്കാം. ചില അവസരങ്ങളിൽ ഉപയോഗിക്കുന്നതിനു് ഒരു വാക്യം ആവശ്യമായിരിക്കുമെന്നു് ഞാൻ പറയുന്നു. അതു് അതിന്റെ ഉറയിലിട്ടു സൂക്ഷിക്കുവാനുള്ള ഉത്തരവാദിത്വബോധമുള്ള ആളുകൾ അങ്ങിനെ ഒരു വാക്യം കൈവശം വെക്കുന്നതുകൊണ്ടു് ആ വാക്യംകൊണ്ടു്, വേറെ ആളുകൾക്കൊരു ദോഷവും വരുത്തുകയില്ല. ചില പ്രത്യേകസന്ദർഭങ്ങളിൽ അതു് ഉപയോഗിക്കുക എന്നതു് ആവശ്യമായി വന്നേക്കും. എന്നുമാത്രമല്ലാതെ കണ്ണടച്ചു് വിവരമില്ലാതെ, ആവശ്യത്തിന്നും അനാവശ്യത്തിന്നും ഉപയോഗിക്കുക എന്നുള്ളതുപോലെ, അത്രത്തോളം ഉത്തരവാദിത്വബോധമില്ലാത്ത ഒരു ഗവർമ്മെണ്ടിന്റെ കയ്യിലല്ല ഇന്നു് ഈതരത്തിലുള്ള ഒരു ആയുധം നിങ്ങൾ അഴിച്ചിട്ടുള്ളതെന്നു് നിങ്ങൾക്കെല്ലാവർക്കും ബോദ്ധ്യമുള്ളതാണു്. അവസാനമായി എനിക്കു പറയുവാനുള്ളതു് ഇന്നത്തെ നിലയിൽ R. S. S. മുതലായ ചില സംഘടനകളുടെ പ്രവർത്തനങ്ങളേയും മറ്റും കാണുമ്പോൾ അതിനെ തടയുവാൻ നിലവിലുള്ള സാധാരണ നിയമങ്ങളുടെ അപര്യാപ്തതമൂലം ഈ ഒരു നിയമം ഇന്നു് ഏറ്റവും അത്യാവശ്യമായിട്ടുള്ളതാണു്

LIBRARY ARCHIVES Kerala Legislative Assembly

[Mr. E. Ikkanda Warriar]

എന്നു ഗവമ്മെണ്ടിന്നു് തോന്നുന്നുണ്ടെന്നാണു്. അതുകൊണ്ടാണു് ഈ പ്രമേയം സ്വീകരിക്കുവാൻ ഗവമ്മെണ്ടിന്നു് നിവൃത്തിയില്ലാതെ വന്നിട്ടുള്ളതു്. ഇത്രമാത്രമെ എനിക്കു പറയാനുള്ളൂ.

* മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, രണ്ടുവാക്കു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി പറഞ്ഞതിന്നുപുറമെ എനിക്കു പറഞ്ഞാൽ കൊള്ളാമെന്നുണ്ടു്. ബഹുമാനപ്പെട്ട കുന്നംകുളം മെമ്പർ അവർകളോടു് ഈ പ്രമേയം പാസ്സാക്കുകയാണെങ്കിൽ, അതനുസരിച്ചു് പ്രവത്തിക്കുകയാണെങ്കിൽ, ചെയ്യേണ്ടിവരുന്ന കായ്യങ്ങളെപ്പറ്റി ആലോചിക്കുവാൻ ഞാൻ ഈ അവസരത്തിൽ ആവശ്യപ്പെടുന്നു. അദ്ദേഹത്തിന്റെ പ്രമേയത്തിൽ നു നിയമങ്ങളെ പറ്റിയാണു് പറഞ്ഞിട്ടുള്ളതു്. ഒന്നു് ക്രിമിനൽ ലാ ഭേദഗതിനിയമം, മറ്റൊന്നു് പ്രസ്സു് എമർജൻസി ആക്ടു്, പിന്നീടു് പബ്ലിക് സേഫ്ടി ആക്ടു്. ഇതിൽ പ്രസ്സു് എമർജൻസി ആക്ടു് റിപ്പീൽ (Repeal) ചെയ്യുകഴിഞ്ഞിട്ടുണ്ടു്. അതനുസരിച്ചു് എടുത്തിട്ടുള്ള നടപടികളെല്ലാം പിൻവലിച്ചിട്ടുണ്ടു്. പബ്ലിക് സേഫ്ടി ആക്ടിൽ ഘോഷയാത്രകൾ പോലീസു് കമ്മീഷണരുടെ അനുവാദം കൂടാതെ നടത്താൻ പാടില്ല എന്ന ഭാഗം എടുത്തുകളഞ്ഞിട്ടുണ്ടു്. ക്രിമിനൽ ലാ ഭേദഗതി ആക്ടനുസരിച്ചു് ഇതേവരെ ഇവിടെ എടുത്തിട്ടുള്ള നടപടികൾ എന്താണെന്നു് ഞാൻ വഴിയെ പറയാം. ക്രിമിനൽ ലാ ഭേദഗതി ആക്ടു് ഇവിടെ നിയമമായതു് ഫ ഫ ഫ ഇടവം ൨൦-ാംതു-യാണു്. ഇതൊരു രാജകീയവിളംബരമനുസരിച്ചു് നിയമമാക്കിയതാണു്. ആ വിളംബരത്തിന്റെ വ്യാപ്തിയെപ്പറ്റി ബഹുമാനപ്പെട്ട കുന്നംകുളം മെമ്പർ പറഞ്ഞമാതിരി പലരുടെ ഇടയിലും തെറ്റിദ്ധാരണയുണ്ടായിരുന്നു. അക്കാലത്തു് അതിനെപ്പറ്റി ഓർഡിനൻസു് എന്നു പറഞ്ഞു് ആക്ഷേപിക്കാറുണ്ടായിരുന്നു. കൊച്ചിയിൽ ഓർഡിനൻസു് ഉണ്ടാക്കുവാൻ നിയമമില്ല. ഇൻഡ്യാരാജ്യത്തെ ഗവണ്മെന്റർ ജനറാൾക്കു ഓർഡിനൻസുകൾ ഉണ്ടാക്കുവാൻ അധികാരമുണ്ടെന്നു് ഗവമ്മെണ്ടു് ഓഫ് ഇന്ത്യാ ആക്ടിൽ നിയമമുണ്ടു്. അങ്ങിനെയുള്ള ഓർഡിനൻസുകൾക്കു് ആറുമാസക്കാലമെ ആയുസ്സുള്ളൂ. ആറുമാസം കഴിഞ്ഞാൽ ആ ഓർഡിനൻസുകൾ പ്രാബല്യമില്ലാതായിത്തീരും. അതേമാതിരിയാണു് കൊച്ചിയിലെ വിളംബരമെന്ന ചിലർ തെറ്റിദ്ധരിക്കുകയുണ്ടായി. ആ തെറ്റിദ്ധാരണ നീക്കേണ്ടതാണു്. കൊച്ചിയിൽ ഇന്നു നിയമപുസ്തകത്തിലുള്ള പല നിയമങ്ങളും വിളംബരമനുസരിച്ചുണ്ടായിട്ടുള്ളതാണു്. ഇന്നത്തെ കൊച്ചിൻ പീനൽകോഡു്, ക്രിമിനൽ പ്രൊസീഡിയർ കോഡു്, ഫ ൦൯ ൦-ലെ ടെനൻസി ആക്ടു് മുതലായ പല നിയമങ്ങളും മഹാരാജാവിന്റെ പരമാധികാരമുപയോഗിച്ചു് വിളംബരപ്പെടുത്തിയിട്ടുള്ളതാണു്. ഈ വിളംബരത്തിന്നു ശാശ്വതമായ സ്ഥനമുണ്ടു്. ഫ ഫ ഫ ഇടവം ൨൦-ാംതു ക്രിമിനൽ ലാ ഭേദഗതി ആക്ടു് വിളംബരമനുസരിച്ചു് നടപ്പിൽ വന്നതിന്റെ ശേഷം ആ കക്കടകത്തിൽ അതു് ഒരു ബില്ലായി നിയമസഭയിൽ അവതരിപ്പിക്കുകയുണ്ടായി, ആ ബിൽ അങ്ങിനെ അവതരിപ്പിക്കുവാൻ നിയമപ്രകാരം ആവശ്യമുണ്ടായിരുന്നില്ല. ആറുമാസം കഴിയുന്നതിന്നു മുമ്പു് അതു് വീണ്ടും ഒരു നിയമമായി പ്രാബല്യത്തിൽ വരുത്തണമെന്നുദ്ദേശിച്ചു് അന്നത്തെ ഗവമ്മെണ്ടു് ഒരു ബില്ലായി നിയമസഭയിൽ കൊണ്ടുവന്നതാണെന്നു് പലരും തെറ്റിദ്ധരിക്കുകയുണ്ടായി. ആ കക്കടകമാസത്തിൽ നിയമസഭയിൽ കൊണ്ടുവന്ന ബില്ലും നിയമസഭയിൽ പാസാകാതെ പോകയാണെന്നുണ്ടെങ്കിൽ ഈ രാജ്യത്തു് ക്രിമിനൽ ലാ ഭേദഗതി ആക്റ്റു് എന്നൊരു നിയമമുണ്ടാകുകയില്ലെന്നു് പലരും തെറ്റിദ്ധരിക്കുകയുണ്ടായി. ആ തെറ്റിദ്ധാരണ നീക്കുന്നതു നന്നായിരിക്കും. അന്നു ആ ബിൽ അവതരിപ്പിച്ചതിന്റെ ഉദ്ദേശം ഞാൻ പറയാം. ഇൻഡ്യൻ കോൺസ്റ്റിറ്റ്യൂവെൻറ അസംബ്ലിയുടെ ആലോചനയിലിരിക്കുന്ന ഗവമ്മെണ്ടു് ഓഫ് ഇന്ത്യാ ബില്ലിൽ വളരെ പ്രധാനമായ ഒരു പ്രൊവിഷനുണ്ടു്. അതു് എന്താണെന്നുവെച്ചാൽ നിയമസഭ നിലവിലില്ലാത്ത സന്ദർഭത്തിൽ ഗവമ്മെണ്ടിന്നു അടിയന്തിരമായി ഏതെങ്കിലും നിയമമുണ്ടാക്കണമെന്നു ആഗ്രഹമുണ്ടെങ്കിൽ ഉണ്ടാക്കാം; പക്ഷെ അടുത്തു കൂടുന്ന നിയമസഭയിൽ അതു അവതരിപ്പിച്ചു് നിയമസഭയുടെ അഭിപ്രായമനുസരിച്ചു് ഭേദഗതി വരുത്തി പാസാക്കുകയൊ, തള്ളുകയൊ, കൊള്ളുകയൊ ചെയ്യണമെന്നുള്ളതാണു്. അതു് ജനപ്രതിനിധിസഭയോടു കാണിക്കുന്ന വലിയൊരു ആദരവാണു്. ഏകദേശം അതേമാതിരി ഫ ഫ ഫ ഇടവമാസത്തിൽ രാജകീയ വിളംബരം അനുസരിച്ചു് നടപ്പിൽവരുത്തിയ

* Speech not corrected by the Hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭയുടെ അഭിപ്രായം അനുസരിച്ച്, വേണ്ട ഭേദഗതി വരുത്തണമെന്നതു പ്രത്യേകിച്ചും പ്രജാധിപത്യമാകണമെന്ന ആഗ്രഹം കൊണ്ടുമാത്രം [redacted] കക്കടകത്തിൽ ഒരു ബില്ലായി നിയമസഭയിൽ കൊണ്ടുവന്നതാണു്. അന്നു ആ ബിൽ സെലക്ട് കമ്മിറ്റിക്കയക്കാതെ തള്ളുകയാണെങ്കിൽ നിയമപ്രകാരം അതൊരു നിയമമായിത്തന്നെ പ്രാബല്യത്തിൽ ഇരിക്കും. ഇപ്പോൾ ആ ബിൽ സെലക്ട് കമ്മറ്റിക്ക് അയച്ചിട്ടുണ്ടു്. ഈ ക്രിമിനൽ ലാ ഭേദഗതി നിയമത്തെപ്പറ്റി ഉണ്ടായിട്ടുള്ള ആക്ഷേപങ്ങൾ [redacted] ഴവൻ കായ്ങ്ങളും ശരിക്കുശരിച്ചു് ഉണ്ടായിട്ടുള്ള ആക്ഷേപങ്ങളാണോ എന്നു ബലമായി സംശയിക്കേണ്ടിയിരിക്കുന്നു. ഈ ആക്ടിനെ കരിനിയമം എന്നും കൊച്ചിയിലെ റൌളറ്റ് ആക്ട് എന്നും ആക്ഷേപിച്ചിട്ടുണ്ടു്. എന്നാൽ ഈ നിയമത്തിൽ എന്താണുള്ളതെന്നു് അധികമാരും ആലോചിച്ചിട്ടില്ല എന്നു ഞാൻ വിചാരിക്കുന്നു. അക്രമത്തിനു പ്രേരിപ്പിക്കുന്ന സംഘങ്ങളെ, അക്രമം നടപ്പിൽവരുത്തുന്നതിനു പ്രോത്സാഹിപ്പിക്കുന്ന സംഘങ്ങളെ നിയമവിരുദ്ധമാക്കാനുള്ള ഒരു നിയമമാണിതു്. കൊച്ചിയിൽ എത്രകാലത്തിനും ആവശ്യമായിട്ടുള്ള നടപടികൾ എടുക്കുവാൻ പീനൽ കോഡിലും ക്രിമിനൽ പ്രൊസീഡിയർ കോഡിലും മതിയായ വകുപ്പുകൾ ഉണ്ടെന്നിരിക്കെ ഇങ്ങിനെയുള്ള ഒരു പ്രത്യേകനിയമം ആവശ്യമില്ലെന്നു പലരും പറഞ്ഞുകേട്ടിട്ടുണ്ടു്. എന്നാൽ അതു ശരിയല്ല. ഒരു സംഘടന നിയമവിരുദ്ധമാക്കണമെന്നു ഗവൺമെണ്ടിന്നോ ജനങ്ങൾക്കോ ആഗ്രഹമുണ്ടെങ്കിൽ ഈ നിയമം കൂടാതെ നിവൃത്തിയില്ല. അടുത്തൊരു പത്തുപതിനഞ്ചു മാസമായി, ചുരുക്കി പറഞ്ഞാൽ [redacted] ർവ്വ ജനുവരി മാസം നാം-ാംനു- മഹാത്മാഗാന്ധിയെ കൊലപ്പെടുത്തിയതിനുശേഷം ഇന്ത്യയിലും കൊച്ചിരാജ്യത്തിലും ഒരു ഒറ്റപ്പൊതുയോഗത്തിൽപോലും ആർ. എസ്സ്. എസ്സ്. നെ ബാൻ ചെയ്യണമെന്നുള്ള ആവശ്യം ഉണ്ടാകാതിരുന്നിട്ടില്ല. ഈ ക്രിമിനൽ ലാ ഭേദഗതി നിയമം കരിനിയമമാണെന്നും കൊച്ചിയിലെ റൌളറ്റ് ആക്ടാണെന്നും പ്രജാധിപത്യവിരുദ്ധമാണെന്നും പൌരാവകാശങ്ങളെ കമാണെന്നും മറ്റും ആക്ഷേപിക്കുന്ന ആളുകൾ ആർ. എസ്സ്. എസ്സിനെ ബാൻചെയ്യുക എന്നു് പ്രമേയം പാസാക്കുകയും ആർ. എസ്സ്. എസ്സിന്റെ പേരിൽ നടപടിയെടുക്കുക എന്ന മുദ്രാവാക്യങ്ങൾ വിളിച്ചുപറയുകയും ചെയ്തിട്ടുണ്ടു്. ഈ അവസരത്തിൽ എനിക്കു ബഹുമാനപ്പെട്ട സഭയോടു ഒന്നു ചോദിക്കുവാനുള്ളതു് ഈ നിയമമില്ലെങ്കിൽ അതെങ്ങിനെയാണു് സാധിക്കുക എന്നാണു്. കൊച്ചിയിൽ ആർ. എസ്സ്. എസ്സിനെ ബാൻചെയ്യുതു് ഇന്ത്യാഗവൺമെണ്ടു് ആവശ്യപ്പെട്ടതനുസരിച്ചാണു്. അങ്ങിനെ ഇന്ത്യാഗവൺമെണ്ടു് ആവശ്യപ്പെട്ട അവസരത്തിൽ നടപടിയെടുക്കുവാൻ കൊച്ചിയിലുണ്ടായിരുന്ന ഏക നിയമം ക്രിമിനൽ ലാ ഭേദഗതി നിയമമാണു്. അതനുസരിച്ചാണു് നടപടിയെടുത്തിട്ടുള്ളതു്. അപ്പോൾ വേറൊരു സംഗതി ഓർമ്മിക്കേണ്ടതുണ്ടു്. കൊച്ചി ഒറ്റക്കു നില്ക്കുന്ന ഒരു രാജ്യമല്ല. ഇന്ത്യാഗവൺമെണ്ടു് ഇന്ത്യയിൽ അതാതുകാലത്തെ സമുദായങ്ങളുടെ നിലനില്പിനും രാഷ്ട്രത്തിന്റെ നിലനില്പിനും വേണ്ടി എടുക്കുന്ന നടപടികളോടു് നമുക്കു സഹകരിക്കേണ്ട ആവശ്യമുണ്ടു്. അതനുസരിച്ചാണു് ഇന്ത്യാഗവൺമെണ്ടു് മഹാരാജാവിനോടു് ആർ. എസ്സ്. എസ്സ്. നെ ബാൻചെയ്യാൽ തരക്കേടില്ല എന്നു ആവശ്യപ്പെട്ടപ്പോൾ ഈ ഗവൺമെണ്ടു് അതു ചെയ്തിട്ടുള്ളതു്. അതേമാതിരി പല നടപടികളും ഇന്ത്യയുടെ സാമാന്യമായ, ആകെക്കൂടിയുള്ള ഭദ്രതക്കുവേണ്ടി എടുക്കേണ്ടിവരും. അങ്ങിനെ എടുക്കേണ്ടിവരുന്ന സന്ദർഭത്തിൽ ഇങ്ങിനെയുള്ള നിർമ്മാണം കൂടാതെ നിവൃത്തിയില്ല. ഈ നിയമത്തിൽതന്നെ രാജ്യത്തെ സമാധാനത്തിനു ദോഷമുണ്ടാകുന്നവിധത്തിൽ അക്രമപ്രസക്തമായ വല്ല നടപടികളും എതെങ്കിലും സംഘങ്ങൾ എടുക്കുന്നുണ്ടെങ്കിൽ അതിനെ തടയുന്നതിനു നിയമംമൂലം ഗവൺമെണ്ടിനു അധികാരമുണ്ടു് എന്നു മാത്രമെ പറഞ്ഞിട്ടുള്ളൂ. ഈ നിയമത്തിൽ ബഹുമാനപ്പെട്ട കൂട്ടം കളും മെമ്പർ പ്രസ്താവിച്ചമാതിരി പല ന്യൂനതകളും ഉണ്ടെന്നു സമ്മതിക്കുവാൻ ഞാൻ ഒരുക്കമാണു്. ഇതുപ്രകാരമുള്ള കേസ്സുകൾ കോടതിയിൽ എടുക്കുവാൻ നിയമമില്ല. അങ്ങിനെയുള്ള ന്യൂനതകൾ പരിഹരിച്ചു് അക്രമത്തിനു പ്രേരകമാകുന്ന പ്രവർത്തനങ്ങളെ തടയുവാൻ ഗവൺമെണ്ടിനു അധികാരം കൊടുക്കുന്നതോടൊപ്പം ഗവൺമെണ്ടു് ആ അധികാരം ദുർവ്വിനിയോഗം ചെയ്യുകയാണെങ്കിൽ അതിനെ ചോദ്യംചെയ്യുവാൻ കോടതികൾക്കു അധികാരം കൊടുത്തു് അങ്ങിനെ എല്ലാ ആവശ്യങ്ങളേയും നിർവ്വഹിക്കുന്നതിനു ന്യായമായ ഒരു നിയമനിർമ്മാണം ആവശ്യമാണെന്നുണ്ടെങ്കിൽ അതു ചെയ്യണം. അതിനുവേണ്ടി മാത്രമാണു് ഈ ബിൽ. അല്ലാതെ രാജകീയവിളംബരത്തിനു നൂമാസത്തെ ആയുസ്സേയുള്ളൂ, അതു നിലനിർത്തണം എന്ന ഉദ്ദേശത്തോടുകൂടിയല്ല ഈ ബിൽ ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. നിയ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

മസഭയുടെ പ്രജ:ധിപത്യസ്വഭാവം ആദരിക്കുന്നതിനു് ഈ രാജ്യത്തുണ്ടാകുന്ന ഒരൊറ നിയമനിർമ്മാണം പോലും ഈ സഭയുടെ സമ്മതവും അനുവാദവും കൂടാതെ ഉണ്ടാകരുതു് എന്ന അത്യന്തം ഉൽകൃഷ്ടമായ ഉദ്ദേശത്തോടുകൂടിയാണു് ഈ ബിൽ ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. ഈ ബിൽ സെലക്ട് കമ്മിറ്റിക്കയച്ചിട്ടുണ്ടു്. ആ സെലക്ട് കമ്മിറ്റിക്ക ഇതിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തണമൊ അതെല്ലാം വരുത്താവുന്നതാണു്. ബഹുമാനപ്പെട്ട കുന്ദംകുളം മെമ്പറും ആ സെലക്ട് കമ്മിറ്റിയിലെ ഒരംഗമാണു്. രണ്ടൊ മൂന്നൊ മാസത്തിനുള്ളിൽ അതു നിയമസഭയുടെ അനുവാദത്തോടുകൂടി നിയമമാകുന്നതാണു്. ക്രിമിനൽ നിയമഭേദഗതിബില്ലു് അടക്കമുള്ള എല്ലാ അടിയന്തിരാധികാര നിയമങ്ങളും റിപ്പീൽ ചെയ്യണമെന്നാണു് ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു്. പലവിധത്തിലും നാം അക്രമപ്രസക്തങ്ങളായിട്ടുള്ള സംഘങ്ങളെ ഇവിടെ ഞാൻ ചെയ്തിട്ടുണ്ടു്. അങ്ങിനെയുള്ള സംഘങ്ങളും ഇവിടെയുണ്ടെന്നിരിക്കെ, ഈ വിധത്തിലാണു് വസ്തുതകളും എന്നിരിക്കെ ഈ നിയമങ്ങളെല്ലാം ഇപ്പോൾ റദ്ദുചെയ്യണമെന്നു പറയുന്നതു് ശരിയല്ല എന്നു് ഞാൻ ബഹുമാനപ്പെട്ട സഭയെ ഉൽബോധിപ്പിക്കുന്നു. ഈ സഭയുടെ പരിപൂർണ്ണമായ അനുമതിയോടുകൂടി, ഈ സഭയിലെ വാദപ്രതിവാദത്തിനുശേഷം തക്കതായ പരിരക്ഷയോടുകൂടി, നമുക്കു ഇപ്പോൾ ഇതു സെലക്ട്കമ്മിറ്റി (Select committee) യിലേക്കയച്ചു വേണ്ട ഭേദഗതിചെയ്തു വേണമെങ്കിൽ പാസ്സാക്കാം. ഇതാണു് വാസ്തവം. ഇത്രമാത്രമേ എനിയ്ക്കു ഈ സഭയെ ഉൽബോധിപ്പിക്കാനുള്ളു. അതുകൊണ്ടു് ബഹുമാനപ്പെട്ട കുന്നംകുളം മെമ്പർ ഇതിന്റെ വസ്തുതകളേയും യാഥാർത്ഥ്യങ്ങളേയും മനസ്സിലാക്കി ഈ പ്രമേയം പിൻവലിക്കണമെന്നു ഞാൻ അദ്ദേഹത്തോടപേക്ഷിക്കുന്നു. ഇതു കൊച്ചിക്കു മാത്രമുള്ള ഒരു നിയമനിർമ്മാണമല്ല; ഇന്ത്യയിൽ കൊച്ചി ഒഴിച്ചു മറ്റെല്ലാ രാജ്യങ്ങളിലും ഇതു നിലവിലുണ്ടെന്നു് എനിക്കു വേണമെങ്കിൽ കണക്കെടുത്തു കാണിക്കുവാൻ സാധിക്കും. ശൈശവത്തിലിരിക്കുന്ന ഒരു രാഷ്ട്രത്തിന്റെ അടിസ്ഥാനങ്ങളെ ചോദ്യംചെയ്യുന്ന പ്രതിരോധവിരുദ്ധങ്ങളായ സംഘങ്ങളുടെനേരെ നടപടി എടുക്കേണ്ടിവരും. ഡെമോക്രസ്സി (Democracy) യുടെ പ്രവർത്തനത്തിനു ഏറ്റവും തടസ്ഥമായിട്ടു നിൽക്കുന്നതു അക്രമമാണെന്നുള്ളതു് പ്രസിദ്ധമാണു്. എല്ലാ അക്രമങ്ങളേയും, അക്രമത്തിനു ആഹ്വാനം നല്കുന്ന എല്ലാവരേയും, ഡെമോക്രസ്സി (Democracy) യുടെപേരിൽ നിഷേധിക്കാതെ നിവൃത്തിയില്ല. അതു പൌരസ്വാതന്ത്ര്യത്തിന്റേയും നിഷേധമാണു്. ഈ ബില്ലിനെപ്പറ്റി പൌരസ്വാതന്ത്ര്യത്തെ നിഷേധിക്കുന്ന ഒരു ബില്ലാണെന്നു പറയുന്നുണ്ടു്. ഇതിൽ പറഞ്ഞിരിക്കുന്ന വകുപ്പു പൌരസ്വാതന്ത്ര്യത്തെനിഷേധിക്കുന്നതാണെന്നു ആക്ഷേപം പറയുവാൻ സാദ്ധ്യമല്ല. ഈ ബില്ലിന്റെ ആണിക്കല്ലായിട്ടുള്ള സെക്ഷൻ (3) യിൽ പറഞ്ഞിരിക്കുന്നതു ഇങ്ങിനെയാണു്: "Unlawful asoaciation means an association which encourages or aids persons to commit acts of violence or intimidation or of which, the members habitually commits such acts." അക്രമപ്രവർത്തനങ്ങളും ചെയ്യുന്നതും അതിനു ജനങ്ങളെ പ്രേരിപ്പിക്കുന്നതുമായ കായ്ങ്ങളെ നിയന്ത്രിക്കുവാനായിട്ടു കൊണ്ടുവരുന്ന ഈ ബിൽ ഒരിക്കലും പൌരധ്വംസനം ആവുകയില്ലെന്നു ഇതിന്റെ ഓരോ സെക്ഷനും പരിശോധിച്ചുനോക്കിയാൽ മനസ്സിലാകുന്നതാണു്. നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ടു് അന്യരുടെ സ്വാതന്ത്ര്യത്തിനു ദോഷമില്ലാത്ത നിലയിൽ പ്രവൃത്തിക്കുവാനുള്ളതാണു് പൌരസ്വാതന്ത്ര്യം. അങ്ങിനെയുള്ള പല പൌരസ്വാതന്ത്ര്യങ്ങളേയും ഈ ബിൽ ഒരിക്കലും നിഷേധിക്കുന്നില്ല. ഒന്നു്, ഗവണ്മെണ്ടിന്റെ മറയിൽ നിന്നുകൊണ്ടു് തെറ്റായിട്ടു പ്രവർത്തിക്കുവാൻ സാധിച്ചു എന്നു് പറഞ്ഞേക്കാം. എന്നാൽ ആ വിധത്തിലുള്ള അധികാരദുർമ്മോഹികളെ തടയുവാൻവേണ്ടി ഈ സഭയുടെ കർത്തവ്യം വിനിയോഗിക്കാവുന്നതാണു്. അതിനുവേണ്ടി വാദിക്കുക എന്നുള്ളതു് ഏതൊരു അംഗത്തിന്റേയും കടമയാണു്. അതിനുവേണ്ട നടപടികളും നടത്തുവാനും അതിനുവേണ്ടി വാദിക്കുവാനും ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളോടു് ഞാൻ കൃതജ്ഞതപ്പെടുന്നു. ബിൽ സെലക്ട് കമ്മിറ്റി(Select committee) യിലേക്കയച്ചു ബില്ലിന്റെ ഏതെങ്കിലും ഭാഗങ്ങളിൽ വ്യത്യാസം വരുത്തേണ്ടതുണ്ടെന്നു തോന്നുകയാണെങ്കിൽ അതിനു വേണ്ട പ്രതിവിധികളും ഈ ബില്ലിൽ കൊണ്ടുവരുവാൻവേണ്ടി ഞാൻ അപേക്ഷിക്കുന്നു. അതിനുവേണ്ടിയാണു് ഈ ബിൽ നിയമസഭയുടെ ആലോചനക്കു വെച്ചിട്ടുള്ളതു്. അതുകൊണ്ടു് പൌരസ്വാതന്ത്ര്യത്തിന്റെപേരിൽ കൊണ്ടുവന്നിട്ടുള്ള ഈ ബിൽ ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

മെമ്പർമാർ ഉത്തരവാദിത്വത്തിന്റെ തികവുമൂലം ഇതിനെപ്പറ്റി ഒരു പുനരാലോചന ചെയ്യുവാനും ഈ പ്രമേയം പിൻവലിക്കുവാനും അപേക്ഷിച്ചുകൊള്ളുന്നു.

മിസ്റ്റർ സി. വി. ഇയ്യു: ഇപ്പോൾ നിലവിലുള്ള ക്രിമിനൽ നിയമഭേദഗതി നിയമം ഒരു വിളംബരംമൂലം പൊതുരക്ഷയെ ലാക്കാക്കി ഇവിടെ നടപ്പിൽവരുത്തിയ മുൻ മന്ത്രിമാർ രണ്ടുപേരും എവിടെയോ പറന്നുപോയിരിക്കുകയാണ്".

Mr. P. K Dewer *(Labour)*: Is it Parlimentary expression "പറന്നുപോയി."

മിസ്റ്റർ പ്രസിഡന്റ്: ചിറകുണ്ടെങ്കിൽ പറക്കാം. It is only a figurative line expression.

മിസ്റ്റർ സി. വി. ഇയ്യു: ഇന്നത്തെ മന്ത്രിമാരിൽ രണ്ടുപേരും പണ്ടത്തെ മന്ത്രിമാരിൽ ഒരാളും കൂടി ഭരണത്തിലിരിക്കുമ്പോഴാണ് ഈ നിയമം ഒരു രാജകീയവിളംബരംമൂലം നടപ്പാക്കിയതു്. നിയമം നടപ്പാക്കിയശേഷം ഫ ഫ വ വ കക്ഷികത്തിൽ നിലവിലിരുന്ന കൂട്ട മന്ത്രിസഭ അന്നത്തെ സമ്മേളനത്തിൽ ഒരു ബിൽ മൂലം നിയമത്തിനു ഈ സഭയുടെ അനുമതി ലഭിപ്പാൻ ഫ ഫ വ വ-ലെ കക്ഷികം സമ്മേളനത്തിൽ ആദ്യം അവതരിപ്പിച്ചു. അതു തുടർന്നു ഫ ഫ വ വ കന്നി സമ്മേളനത്തിലും രാജേന്ദ്രമൈതാനസംഭവം, മണ്ഡലം മന്ത്രിമാരുടെ രാജി എന്നിവക്കുശേഷം വൃശ്ചികത്തിൽ സിലക്ട് കമ്മിറ്റിയിലേക്കയച്ചു. ഇപ്പോഴാണ് ഇതു തലപൊക്കിവരുന്നതു്. ഭരിക്കൽ മന്ത്രിമാരായിരുന്ന മന്ത്രിസ്ഥാനം നഷ്ടീവിച്ചാൽ പിന്നിട്ട തങ്ങളുടെ നിയോജകമണ്ഡലത്തിനോടുള്ള ഉത്തരവാദിത്വം മുഴവനും പോയെന്നവിധത്തിൽ ജനാധിപത്യത്തിന്റെ ഏറ്റവും പ്രധാനതത്വമായ എതുപക്ഷസേവനപാരമ്പര്യത്തെ അനുചരിക്കാതെയും ചക്ക്വിലിനേയും അന്തോണി ഈഡനേയുംപോലെ മന്ത്രിസ്ഥാനം പോയശേഷവും പാർലിമെന്റിൽ ഹാജരായി സജീവമായി പ്രവൃത്തിപ്പാൻ ഈ സഭയിൽ സന്നിഹിതരാവാതെയും പൊതുജനാഭിപ്രായത്തേയും ജനാധിപത്യതത്വങ്ങളേയും അവഹേളിച്ചുകൊണ്ടും ഈ സഭയെതന്നെയും പിരിച്ചുവിട്ട് അടിയന്തിരാധികാരം ഉപയോഗിപ്പിച്ച് ഈ നിയമം നടപ്പിൽവരുത്തുന്നതിനു ഭരണാധികാരിയെ ഉപദേശിച്ച ആ മന്ത്രിമാരുടെകാലത്തും അവരുടെ സ്വേച്ഛാഭരണത്തിന്റെപേരിലുമാണ് ഇത്തരം കരിനിയമങ്ങൾ പലതും · ഉണ്ടായിട്ടുള്ളതു് എന്നെല്ലാവർക്കും അറിയാം.

മിസ്റ്റർ കെ. ഐ. വേലായുധൻ: സർ, ഈ മെമ്പർമാർക്ക് എത്രദിവസംവരെ അസംബ്ലിയിൽ (Assembly) ഒന്നിച്ചു ഹാജരാകാതിരിക്കുവാൻ സാധിക്കും.

Mr. President: I think it is four months.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെ ഒരു അവകാശം നിയമപ്രകാരം ഉണ്ടെങ്കിൽ അതിനെ നിഷേധിക്കുവാൻപാടുണ്ടോ?

മിസ്റ്റർ സി. വി. ഇയ്യു: നാ ലുമാസം തുടർച്ചയായി വരാതിരിക്കുന്നതിനു അവരുടെ നിയോജകമണ്ഡലക്കാർ സമ്മതിക്കുമോ? മൂന്നു മാസം തുടർച്ചയായി മുടങ്ങിയാൽ അവരുടെ സ്ഥാനം നഷ്ടപ്പെടുമെന്നതിനാൽ അതിനിടയിൽ അവർ വരാതിരിക്കയില്ല. ജനാധിപത്യത്തിന്റെ കണികപോലും ഇല്ലാതിരുന്ന മന്ത്രിമാരാണ് ക്രിമിനൽ നിയമ ഭേദഗതി നിയമവും, അതിന്റെ ശേഷം ഉടലെടുത്ത പൌരവാകാശധ്വംസന നിയമങ്ങളുടേയും പിതൃസ്ഥാനം. വഹിക്കുന്നവർ ആ മന്ത്രിമാരുടെ പദം താങ്ങികളോ, ആ കൂട്ടികളുടെ വളർത്തമ്മാരോ ആകുണമോ ഇപ്പോഴത്തെ മന്ത്രിമാർ.

Mr. C. A. Ouseph *(Minister for Education and Public Health)*: On a point of order, Sir, we are upon a particular resolution tabled by the Hon. Member for Kunnamkulam. The speech by the mover seemed to be .....

Mr. President: That is exactly what I asked him.

Mr. C. A. Ouseph *(Minister for Education and Public Health)*: Whether that is relevant, whether they can be called Churchills and Edens is the question. These personal reflections may kindly be avoided.

മിസ്റ്റർ സി. വി ഇയ്യു: ഞാൻ ഇതു പ്രത്യേകിച്ചു പറയുവാൻ കാരണം മുൻ മന്ത്രിസഭ ഇത്തരം നിയമനിർമ്മാണത്തിൽ സ്വേച്ഛാധികാരം പ്രയോഗിച്ചതിനെപ്പറ്റിയാണ്. പ്രധാനമായിട്ടു വിവാഹം കഴിക്കാത്ത സ്ത്രീകൾക്ക് ഗർഭം ഉണ്ടായാൽ അതു എറെറടുക്കുവാൻ അമ്മമാരോ "വിളിക്കേൾക്കുവാൻ" ഉണ്ടാകുന്ന ചില തൊഴിൽകാർ ഉണ്ട്.

Mr President: There must be more decorum in the speeches of the Hon'be members.

LIBRARY ARCHIVES Kerala Legislative Assembly

Mr. C. V. Iyyu *(Kunnamkulam)*: I beg to withdraw the expression although it is not quite unparlimentary. Of course, these simpler words the common people very easily understand.

Mr. President: There must be a better sense of decency.

മിസ്റ്റർ സി. വി. ഇയ്യു: ഈ മന്ത്രിസഭ ജനങ്ങളോട് ഉത്തരവാദിത്വമുള്ള ഒരു മന്ത്രിസഭയാണ്. അങ്ങിനെയുള്ള ഒരു മന്ത്രിസഭ ജനങ്ങൾക്ക് ഉപദ്രവം ഉണ്ടാകുന്ന നിയമങ്ങൾ വെച്ചുകൊണ്ടിരിക്കരുതു്. അതുകൊണ്ട് ഇത്തരം നിയമങ്ങൾ എല്ലാം ഉടൻ പിൻവലിക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്. ഈ നിയമത്തിന്റെ പരിധിയിൽ ജനങ്ങളുടെ പൌരസ്വാതന്ത്ര്യ ഭഞ്ജകങ്ങളായ വളരെ കാര്യങ്ങളൊക്കെയുണ്ടെന്ന നിയമമന്ത്രിയും പ്രധാനമന്ത്രിയും സമ്മതിച്ചിട്ടുണ്ട്. എന്നു് തന്നെയല്ല, ഇതു നടപ്പിൽ വരുത്തിയതിനെ പ്രതിഷേധിച്ചു് അന്നത്തെ പ്രജാമണ്ഡലം വാർഷിക സമ്മേളനത്തിൽ വെച്ചു് പൊതുരക്ഷാനിയമം (Public Safety Act) പിൻവലിക്കണമെന്ന ആവശ്യപ്പെട്ടിട്ടുണ്ട്. ക്രിമിനൽ നിയമ ഭേദഗതി ആക്ടു് അന്തിക്കാട്ടുപേലെയുള്ള സ്ഥലങ്ങളിലും, ചേന്ദമംഗലം, സബ്ബു് ഇൻസ്പക്ടരെ കൊന്ന സ്ഥലം (പരിയാരം) എന്നിങ്ങനെയുള്ള പ്രദേശങ്ങളിലും മാത്രം പ്രയോഗിക്കുകയായിരിക്കും നന്നായിരിക്കുക എന്നും പ്രജാമണ്ഡലം വാർഷികസമ്മേളനം ആവശ്യപ്പെടുന്നു. അതാതുകാലങ്ങളിൽ വേണ്ടിവരുന്ന കാര്യങ്ങൾക്കു് ആവശ്യമായ നടപടിനടത്തുന്നതിന്നു ആക്ടും സമ്മതിക്കാം. എന്നാൽ മനുഷ്യരുടെ പൌര സ്വാതന്ത്ര്യത്തിന്നു ഹാനികരമായിട്ടുള്ളതും ഡെമൊക്ലീസിന്റെ വാൾ പോലെ ഒരു നിയമവാൾ തലക്കുമീതെ എന്നും തൂക്കിക്കെട്ടിക്കൊണ്ടു്, വേണ്ടിവന്നാൽ പൊട്ടിവീഴും എന്ന നിലയിൽ വെച്ചു കൊണ്ടിരിക്കുവാൻ തക്ക കൊള്ളരുതാത്ത ആളുകളാണോ ഈ കൊച്ചീരാജ്യത്തുള്ളതു്?

മിസ്റ്റർ കെ. അയ്യപ്പൻ: സഭ്യേതരമായ സംഗതികൾ ഈ അസംബ്ലിയിൽ പറയുമ്പോൾ അതിനെ നിയന്ത്രിക്കുവാനുള്ള അധികാരം പ്രസിഡൻറിന്നു് ഉണ്ടായിരിക്കേണ്ടതല്ലേ?

മിസ്റ്റർ സി. വി. ഇയ്യു: അതു വേണ്ടതാണ്. ഈ നിയമസഭയിൽ തിരഞ്ഞെടുക്കപ്പെട്ട മെമ്പർമാർ പൊതുജന പ്രതിനിധ്യം ഉണ്ടെന്നു പറയുന്നവരെല്ലാം അടങ്ങിയ ഒരു പൊതുയോഗത്തിൽ വെച്ചു് ഇതു ആവശ്യമില്ലെന്നും അതു കൊണ്ടു് ഇതു പിൻവലിക്കേണ്ടതാണെന്നും ആവശ്യപ്പെട്ടിട്ടുള്ളതാണ്. അതു ഈ രാജ്യത്തിലെപ്രജാമണ്ഡലവും ആവശ്യപ്പെട്ടിട്ടുള്ളതാണു്- ആ ഒരു കാര്യം മാത്രമെ ഞാനും ആവശ്യപ്പെടുന്നുള്ളു. ഇതിന്നു ആവശ്യമായ സിലക്ടു് കമ്മീറ്റി റിപ്പോർട്ടു് (Select Committee report) വേണമെങ്കിൽ വരുത്തിക്കൂടെ? അതും പോരായെങ്കിൽ ഈ നിയമസഭയുടെ സെഷൻ തന്നെ നാളത്തേക്കും ക്ലടി നീട്ടിക്കൂടേ?

മിസ്റ്റർ കെ. അയ്യപ്പൻ. ബഹുമാനപ്പെട്ട മെമ്പർ ഈ റസല്യൂഷൻ (Resolution) കൊണ്ടുവന്നതുകൊണ്ടു മാത്രമാണോ ഇങ്ങിനെ പറയുന്നതു്?

മിസ്റ്റർ സി. വി. ഇയ്യു: ഗവണ്മെണ്ടിനു് ഇതിനെപ്പറ്റി ആലോചിക്കുവാൻ വേണ്ട സമയം കിട്ടിയിട്ടുണ്ടു്. ഇവിടെ ഇപ്പോൾ ആർ. എസ്സ്. എസ്സ്. (R. S. S.) കാരുടെ പ്രവർത്തനങ്ങൾ ഒന്നും ഇല്ലാതിരുന്നിട്ടും അതിനെ മൻകൂട്ടി നിയന്ത്രിക്കുവാൽ ആരുടേയും ശുപാർശയില്ലാതെ ഗവണ്മെണ്ടിനു് സാധിച്ചു. എന്നാൽ ഇവിടെയുള്ള ആർ. എസ്സ്. എസ്സ്. ൽ (R. S .S.) അധികം ചേർന്നിട്ടുള്ളതു് കൊങ്ങണി (സൌഡസരസ്വതർ) കളാണ്. ഈ കൊങ്ങണികളിൽ ഫൈറ്റിങ്ങ് സർവിസ്സിൽ (Fighting Services) ചേർന്നിട്ടുള്ളവർ നമ്മുടെ രാജ്യത്തിൽ നിന്നു് ആകെ രണ്ടുപേർ മാത്രമാണ്. അങ്ങിനെയുള്ള ഒരു സമുദായത്തിലെ അംഗങ്ങൾ ആർ. എസ്സ്. എസ്സ്. (R. S. S.) ലെ എല്ലാ വിദ്യകളും പഠിച്ചതിനു് ശേഷം അവരുടെ കയ്യിൽ വാളെടുത്തു് കൊടുത്താൽ തന്നെ കൈ വിറച്ചു് വാൾ താഴെ വീഴും.

മിസ്റ്റർ കെ. അയ്യപ്പൻ: അതുകൊണ്ടു് ആർ. എസ്സ്. എസ്സ്. (R. S. S.) കാരുടെ ബാൻ (Ban) പിൻവലിക്കണമെന്നാണോ പറയുന്നതു്?

മിസ്റ്റർ സി. വി. ഇയ്യു: ഞാൻ പറയുന്നതു് ഇവിടത്തെ ആർ. എസ്സ്. എസ്സ്. (R. S. S.) ൽ ചേർന്നിട്ടുള്ള ആളുകൾ യാതൊരു തകരാറിന്നും പോകാത്ത കൊങ്ങണികൾ ആയതുകൊണ്ടാണ്. മറ്റു സമുദായത്തിൽ പെട്ടവരാണെങ്കിൽ കുറച്ചൊക്കെ സൂക്ഷിക്കണം.

മിസ്റ്റർ എം. ഭാസ്കരമേനോൻ: ആർ. എസ്സ്. എസ്സ്. (R. S. S.) ൽ കൊങ്ങണികൾക്കു മാത്രമെ ചേരാൻ പാടുള്ളു എന്നുള്ള വല്ല നിയമവും ഉണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. വി. ഇയ്യു: ഹിന്ദുക്കളിൽ ആക്കും ചേരാം. അഹിന്ദുക്കളെ അതിൽ സ്വീകരിക്കുകയില്ല.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അഖിലേന്ത്യ അടിസ്ഥാനത്തിന്മേൽ സാമാന്യമായിട്ട് ഏതെങ്കിലും ഒരു കായ്ത്തിൽ നടപടിയെടുക്കണമെന്നുണ്ടെങ്കിൽ ഇവിടത്തെ കായ്ം മാത്രം അതു ബാധകമാവുകയില്ലെന്നാണൊ പറയുന്നതു?

മിസ്റ്റർ സി. വി. ഇയ്യു: എന്തുകൊണ്ട് ഇവിടത്തെ പ്രത്യേക പരിതഃസ്ഥിതിയിൽ ബാധകമാക്കാതെയിരുന്നുകൂടാ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനുള്ള നിയമം ഇവിടെയില്ല.

മിസ്റ്റർ സി. വി. ഇയ്യു. ഈ രാജ്യത്തിൽ നിന്നു് ആരെയെങ്കിലും പിടിച്ചു് പുറത്താക്കുവാനുള്ള അധികാരം നമ്മുടെ ഗവണ്മെണ്ടിനില്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉണ്ടു്.

മിസ്റ്റർ സി. വി. ഇയ്യു: ഡിസ്പ്യൂട്ടു് മജിസ്ട്രേട്ടിന്റെ കല്പന പ്രകാരം രണ്ടു മാസത്തേയ്ക്കോ, മൂന്നു മാസത്തേയ്ക്കോ ഒരാൾക്കു് ഈ രാജ്യത്തിലുള്ള ഏതെങ്കിലും താലൂക്കുകളിലോ, വില്ലേജുകളിലോ പ്രവേശിക്കുന്നതിനെ തടയാവും, ചില വില്ലേജുകളിൽ നിന്നോ പട്ടണങ്ങളിൽ നിന്നോ വീട്ടിൽനിന്നൊ പുറത്തിറങ്ങരുതെന്നും മറ്റുമുള്ള നിരോധന ഉത്തരവു് കൊടുക്കാവും പതിവില്ലെ? അതുപോലെതന്നെ അന്യരാജ്യക്കാരനായ ഒരാളുടെ മേലും വേണ്ടിവന്നാൽ ഈ നിയമം ബാധകമാക്കാവുന്നതല്ലെ? അങ്ങിനെയെല്ലാമുള്ള നിയമങ്ങളിരിക്കെ ശാന്തമായ ഒരു അന്തരീക്ഷത്തിൽ ഇതുപോലെയുള്ള ഒരു നിയമത്തിന്റെ ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. പിന്നെ ഇവിടത്തെ ആർ. എസ്സ്. എസ്സ്. (R. S. S.) കാരാണെങ്കിൽ മിക്കവാറും തലമുറതലമുറയായി യാതൊരു കഴപ്പത്തിനും പോകാത്ത രാജഭക്തന്മാരും നിയമവിധേയരുമായ ഒരു സമുദായമാണ്. അവരിൽ നിന്നു് വാർ സവ്വീസ്സിൽ യുദ്ധം ചെയ്യാൻ പോയിട്ടുള്ളവർ ആകെ രണ്ടു പേർ മാത്രമെയുള്ളു.

Mr. M. Bhaskara Menon *(Ernakulam)*: We can prevent their entry.

Mr. C. V. Iyyu *(Kunnamkulam)*: We can expell them from the State.

Mr. M. Bhaskara Menon *(Ernakulam)*: Defamation of a class also is equally reprehensible.

Mr. C. V. Iyyu *(Kunnamkulam)*: It is not defamation.

Mr. M. Bhaskara Menon *(Ernakulam)*: Calling them cowards you say not defamation, I think it is abusing the privilege, the Hon. Member has in this House.

Mr. P. K. Dewer *(Labour)*: Certainly Sir.

Mr. President: I would draw the Hon. Member's attentian to rule 31 about the centents and subject matter of a speech, that it should not contain defanatory words either against an individual or a class.

Mr: E. Ikkanda Warriar *(Prime Minister)*: Call a community cowards!

Mr. C. V. Iyyu *(Kunnamkulam)*: I did not call them cowards, I only said that even if they become R. S. S. people they are not dangerous.

മിസ്റ്റർ സി. വി. ഇയ്യു: ഞാൻ പറയുന്നതു് ഇവിടെ ആർ. എസ്സ്. എസ്സ്. (R. S. S.) ഇപ്പോൾ ഉണ്ടെങ്കിൽ തന്നെ അവരെക്കൊണ്ടു് ഹിംസാപരമായ യാതൊരു ഉപദ്രവവും ജനങ്ങൾക്കു് ഉണ്ടാകുവാൻ പോകുന്നില്ലെന്നാണു് വിചാരിക്കാൻ ന്യായം എന്നുള്ളതു കാണിച്ചതാണു്.

Mr. President. Order. Order. It is forbidden to make a personal charge against an Hon'ble Member.

Mr. C. V. Iyyu *(Kunnamkulam)*: This is not a personal charge. It is because he had been a patron the association might have been perfectly loyal and law biding that is what I want to bring to the notice of the House.

വടക്കെ ഇന്ത്യയിൽ ആക്രമം ചെയ്തിട്ടുള്ള ആർ. എസ്സ്. എസ്സ്. കാർ മിലിട്ടറി സവ്വീസ്സിൽ പോയിട്ടുള്ളവരും അവിടെ മിലിട്ടറി class ൽ ഉള്ളവരുമാണു്. ഇവിടത്തെ മിലിട്ടറി ക്ലാസിൽ നായന്മാരും, ക്രസ്ത്യാനികളും, ഈഴവരും, മുസൽമാൻമാരും, വേണമെങ്കിൽ അധ:കൃതരും തമിഴ് ബ്രാഹ്മണരും കൂടി ഉൾപ്പെട്ടും. യഹൂദന്മാർ, കൊങ്കണികരും, കുടുംബികരും മുതലായ ചില ജാതികരും ഉൾപ്പെട്ടകയില്ല. ഇവിടത്തെ മിലിട്ടറി ക്ലാസിൽ പെട്ടവർ R. S.S.ൽ മിക്കവാറും ആരും ഇല്ലെന്നു തന്നെപറയണം.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അയ്യപ്പൻ: ഇന്ത്യാഗവണ്മെണ്ടു് നടപ്പിൽ വരുത്തിയ ഒരു നിയമമാണു് ഇവിടെയുള്ള ആർ. എസ്സ്. എസ്സ്. (R S. S.) കാരുടെമേലും നടപ്പാക്കീട്ടുള്ളതു്. ആ ഒരു കാരണം പറയാതെ ആർ. എസ്സ്. എസ്സ്. (R. S. S.) അംഗമാണെന്നു പറഞ്ഞുകൊണ്ടു് കൊച്ചിരാജ്യത്തിൽനിന്നു് പുറത്താക്കുവാൻ സാധിക്കുമോ?

മിസ്റ്റർ സി. വി. ഇയ്യു: ഇവിടത്തെ നിലയിൽ അങ്ങിനെ ചെയ്യേണ്ട ആവശ്യം ഇല്ലെന്നു ഇന്ത്യാഗവണ്മെണ്ടിനെ ധരിപ്പിക്കുകയാണു് വേണ്ടതു്. അതിനുള്ള കാരണങ്ങൾ ഞാൻ മുമ്പു പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ ടി. എസ്സ്. ബന്ധു: ആർ. എസ്സ്. എസ്സ്. ൽ അംഗങ്ങളെ ചേർക്കുന്നതു് ബഹുമാനപ്പെട്ട മെമ്പറോടു് ചോദിച്ചിട്ടാണോ?

മിസ്റ്റർ സി. വി. ഇയ്യു: ഞാൻ ഹിന്ദുവല്ലാത്തതുകൊണ്ടു് R. S. S.-ം ഞാനുംകൂടിയാതൊരു ബന്ധുത്വവും ഉണ്ടാകാൻ തരമില്ലല്ലോ. ഇതിനു മുൻപുണ്ടായിരുന്ന നമ്മുടെ പ്രധാനമന്ത്രിതന്നെ ആർ. എസ്സ്. എസ്സ്. ലെ ഒരു ആളോ രക്ഷാധികാരിയോ മറ്റോ ആയിരുന്നു എന്നു പറയുന്നുണ്ടു്.

മിസ്റ്റർ പി. കെ. ഡിവർ: അദ്ദേഹം കൊങ്ങിണിയായിരുന്നുവോ?

മിസ്റ്റർ സി. വി. ഇയ്യു: അല്ലല്ലോ.

മിസ്റ്റർ കെ. അയ്യപ്പൻ: ബഹുമാനപ്പെട്ട മെമ്പർ കൊങ്ങിണികൾ മാത്രമെ ആർ. എസ്സ്. എസ്സ്. ൽ ഉള്ളു എന്നു പറഞ്ഞു. എന്നാൽ കൊങ്ങിണിയല്ലാത്ത പ്രധാനമന്ത്രി അതിലെ ഒരു അംഗമായിരുന്നു എന്നും പറയുന്നുണ്ടു്. ആ നിലക്കു് ഇതിൽ കൊങ്ങിണികൾ മാത്രമെയുള്ളുവെന്നു് പറഞ്ഞു് യാതൊന്നും ചെയ്യാതിരിക്കാൻ സാധിക്കുമോ?

മിസ്റ്റർ സി. വി. ഇയ്യു: ഇവിടെ അടുത്ത കാലംവരെ പ്രധാനമന്ത്രിയായിരുന്ന ഒരാളുടെ രക്ഷാകർത്തൃത്വത്തിൽ ഇരുന്നിരുന്ന ഒരു സംഘടന ഹിംസാപരമായ പ്രസ്ഥാനമായി ഇവിടെ പരിണമിക്കാനിടയുണ്ടെന്നു വിശ്വസിക്കാൻ ന്യായം കാണുന്നില്ല.

മിസ്റ്റർ സി. വി. ഇയ്യു. എത്തുവിധത്തിലായാലും ഈ നിയമം നിലവിലിരിക്കുകയാണെങ്കിൽ വളരെയധികം ജനങ്ങൾക്കു് ഹാനികരമാണെന്നു് ബഹുമാനപ്പെട്ട ഗവണ്മെണ്ടുതന്നെ സമ്മതിക്കുന്ന കാര്യമാണു്. അതുകൊണ്ടു് പ്രത്യേക ചില സ്ഥലങ്ങളിൽ വേണ്ടിവന്നാൽ റെസ്ട്രിക്ട് (Restrict) ചെയ്യാൽ മതിയാവുന്നതാണു്. മർദ്ദന നിയമങ്ങൾ നിലനിത്തത്തക്ക പരിതസ്ഥിതി ഇപ്പോൾ ഈ രാജ്യത്തു് ഉണ്ടു് എന്നു തോന്നുന്നില്ല. എന്റെ അഭിപ്രായം ഇതാണു്. ഞാൻ ഇതു് പ്രസ്സു് ചെയ്യുകയാണെങ്കിൽ ഇതു് ഇവിടെ പാസ്സാവുകയില്ലെന്നു് എനിക്കറിയാം. ഈ നിയമങ്ങൾ നിലനിന്നു പോകുന്നതു സംബന്ധിച്ചു് നാട്ടിൽ വളരെ പ്രതിഷേധങ്ങൾ ഉണ്ടായിട്ടുണ്ടു് എന്നു ഗവണ്മെണ്ടിനറിയാം. പ്രജാമണ്ഡലം സമ്മേളനം തന്നെ ഇത്തരംകരിനിയമങ്ങൾ പിൻവലിക്കണമെന്നു ആവശ്യപ്പെട്ടിട്ടുള്ളതാണു്. പ്രജാമണ്ഡലം അധികാരത്തിൽ വന്നശേഷം പത്രമാരണനിയമം പിൻവലിക്കപ്പെടുകയാൽ പത്രസ്വാതന്ത്ര്യം കരയുകയാണു് ചെയ്തതു്. ഏതായാലും ഞാൻ ഈ പ്രമേയം ഇവിടെ പ്രസ്സു് ചെയ്തു കൊള്ളുന്നു.

Resolution put and lost

Mr. C. V. Iyyu *(Kunnamkulam)*: A poll Sir.

Ayes

1. Mr. C. V. Iyyu.
2. Mr. Ittierah Ambukken.

NOES

Messrs.

1. E. Ikkanda Warriar.
2. P. Govinda Menon.
3. K. Ayyappan.
4. C. A. Ouseph.
5. K. Kochukuttan.
6. K. T. Achuthan.
7. P. K. Krishnankutty Menon.
8. K. Kunhirama Menon.
9. M. I. Paul.
10. K. I. Velayudhan.
11. P. K. Paul.

Messrs'

12. Sebastain Thoppill.
13. A. K. Kunjumoideen.
14. Alexander Parambithara.
15. T. S. Bendhu.
16. Dr. Mrs. T. Francis.
17. Miss Annie Joseph.
18. P. K. Dewer.
19. V. K. Joseph.
20. K. A. Achuthan.
21. A. K. Sankunny.
22. P. S. Madhavan Vaidyan.

LIBRARY ARCHIVES Kerala Legislative Assembly

23. T. M. Sannalan.
24. Gasper D. Silva.
25. K. Balakrishna Marar.
26. M. Bhaskara Menon.
27. Joseph Mundassery.
28. C. U. Narayanan,
29. A. L. Jacob.
30. K. C. Mayankutty Mether.
31. K. K. Viswanathan.
32. A. M. Thomas.
33. A. K. George.
34. T. K. Kunjayyappan.
35. K. K. Vasu Panicker.

Mr. Prseident: 2 for and 35 against. The motion is lost.

RESOLUTION No. 2

Mr. Alexander Parambithara *(Kumbalanghi)*: In view of the information and hopeful assurance given by the Government in this matter during question time and in reply to several cut motions I do not deem it necessary to move this resolution.

Not moved

RESOLUTION No. 3

Mr. P. K. Krishnankutty Menon *(Vellarappilli)*: I don't also move the resolution because of the assurance given by the Government that they will be bringing in the legislation at an early date,

Not moved

Resolution No. 4 not moved

RESOLUTION No. 5

Stay of pending suits of Kudikidappukars by a Proclamation

Dr. (Mrs.) T. Francis *(Ernakulam Womens):* This Assembly recommends to Government to stay by a Proclamation all the pending eviction suits against the Verumkudikidappukars in all the courts in the State-appellate and orginal Courts-till a final decision is arrived at by the Government in the matter." സർ, ഇതാണ് ഞാൻ ഇവിടെ അവതരിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന പ്രമേയം. I would like to know from the Government what temporary steps they are going to take before the law prohibiting the eviction of the Verumkudikidappukars comes into force. I would like to know whether the Government has got anything in mind. Whether the Government is intending to proclaim a temporarry measure to stay all pending eviction suits against Verumkudikidappukars in all Courts in the State.

Mr. E. Ikkanda Warriar *(Prime Minister):* The Government is considering that question.

Mr. A. M. Thomas *(Kanayannur):* Is there not a Proclamation now?

Mr. E. Ikkanda Warriar *(Prime Minister):* There is a Proclamation already. This is to further implement the Proclamation or further steps to safeguard the interests of the Verumpattamdars.

Dr. (Mrs.) T. Francis *(Ernakulam-Women):* I know there is a Proclamation, but I would like to know before anything in the shape of law comes up, any temporary step will be taken by the Government?

Mr. M. Bhaskara Menon *(Ernakulam):* Is it a short notice question or a resolution?

Dr. (Mrs.) T. Francis *(Ernakulam Women's)* No, it is a resolution.

Mr. President: There is a Proclamation already on that matter, that is the reply of the Government.

Dr. (Mrs.) T. Francis *(Ernakulam-Women's)* Am I to understand that the Proclamation will cover all the pending cases?

*** Mr. P. Govinda Menon** *(Minister for Finance and Law):* Every case covered by the Proclamation will be governed by it and therefore the only question will be whether a particular matter comes within the ambit of the Proclamation. On that matter there will be a dispute and there are always disputes. That is what I want to say about it. Assuming that a law is made and assuming that the law is intended to meet a certain evil, still, there may be litigation on that question, because people may content that this particular case is not covered by the Proclamation or the law. Therein comes the difficulty.

Mr. A. M. Thomas *(Kanayannur):* That may not be the Hon. Member's point. The Proclamation states that Suits filed after 5th Vrischigam 1122 have to be stayed. The Hon. Member wants to know whether the Government have in view any legislation to make Proclamation applicable to suits filed before that date.

ഡോക്ടർ (മിസ്സിസ്സ്) ടി. ഫ്രാൻസിസ്സ്: സർ, ശവമെങ്ങനിൽനിന്നും ആശാവഹമായ ഒരു മറുപടി കിട്ടിയതുകൊണ്ട് ഈ പ്രമേയം ഇവിടെ അവതരിപ്പിക്കണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly